# പതിനഞ്ചാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2025 ഒക്ടോബർ 7, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**വന്യമൃഗ ആക്രമണം തടയാൻ ഇന്റർ ഡിപ്പാർട്ട്മെന്റൽ സ്ട്രാറ്റജി**

*211 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗ ആക്രമണം ലഘൂകരിക്കാൻ സർക്കാർ കാര്യക്ഷമമായി ഇടപെടൽ നടത്തണമെന്ന ഹൈക്കോടതിയുടെ നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വന്യമൃഗ ആക്രമണം ലഘൂകരിക്കാൻ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഒരു ഇന്റർ ഡിപ്പാർട്ട്മെന്റൽ സ്ട്രാറ്റജി അനിവാര്യമാണെന്ന 24-09-2025-ലെ കോടതി നിർദേശം നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി**

*212 **ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി വഴി എത്ര വിദ്യാർത്ഥികളെ പഠനത്തിനായി വിദേശത്തേക്ക് അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് വിദേശത്ത് തന്നെ ഉന്നത പഠനത്തിനും തൊഴിലിനും അവസരം ലഭിച്ചുവെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്കോളർഷിപ്പായി വിദ്യാർത്ഥികൾക്ക് എത്ര രൂപയാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തിന്റെ സമഗ്രകായിക വികസനം</u>**

*213 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രകായിക വികസനം ലക്ഷ്യമിട്ട് വിദേശ സർക്കാരുകളുമായി സഹകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ കായിക ഇനങ്ങൾക്കാവശ്യമായ വിദഗ്ധരായ പരിശീലകരെ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി വിദേശ രാജ്യങ്ങളുമായി ധാരണാപത്രത്തിൽ ഒപ്പുവെച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) കായിക മേഖലയുടെ അന്താരാഷ്ട്ര സഹകരണത്തിനായി മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; ഇതിനായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ</u>**

*214 **ശ്രീ മാത്യു ടി. തോമസ്**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിൽ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നല്കിവരുന്ന വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>ഭൂജല സംപോഷണ പ്രവർത്തനങ്ങൾ</u>**

*215 **ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**

**ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീരുറവകളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിവിധ തരം ജലസ്രോതസ്സുകളുടെ മാസ്റ്റർ ഡാറ്റാബേസ് ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് നടത്തിവരുന്ന ഭൂജല സംപോഷണ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ;

(സി) സംസ്ഥാനത്തെ വിവിധ കുടിവെള്ള സ്രോതസ്സുകൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിന് സമഗ്ര നയം രൂപീകരിക്കുമോ; വിശദമാക്കുമോ?

## <u>ജലവിഭവ പരിപാലനത്തിനായി ഡാറ്റാ മാനേജ്മെന്റ്</u>

*216 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ പരിപാലനത്തിനും വികസനത്തിനും വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും സഹായകരമായ വിധത്തിൽ ഒരു ഡാറ്റാ മാനേജ്മെന്റ് രീതി വികസിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നദീതടങ്ങളുടെ പരിപാലനത്തിനായി നൂതന പരിപാലന രീതികൾ ആവിഷ്കരിക്കുന്നതിന് ശക്തമായ വിവര ശേഖരണ സംവിധാനം എത്രത്തോളം സഹായിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ജലവിഭവ പരിപാലനത്തിൽ സംസ്ഥാനം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## <u>പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് മത്സരപരീക്ഷാ പരിശീലനം</u>

*217 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ള എത്രപേർ കുടുംബശ്രീ മുഖേനയുള്ള മത്സരപരീക്ഷാ പരിശീലനം വഴി സർക്കാർ - അർദ്ധസർക്കാർ മേഖലയിൽ ജോലി നേടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് നിയമനം നടന്നിട്ടുള്ളതെന്നും എത്ര പേർ നിലവിൽ വിവിധ റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(സി) മത്സര പരീക്ഷകൾക്കായി എത്ര പേർക്കാണ് വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ഡി) ആദ്യ ഘട്ടത്തിൽ ഏത് യോഗ്യതയുള്ളവരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>അട്ടപ്പാടിയിലെ ഉന്നതികളിൽ ഇന്റർനെറ്റ് കണക്ഷൻ</u>**

*218 **ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ഉന്നതികളിൽ മികച്ച ഇന്റർനെറ്റ് കണക്ഷനും മറ്റ് അനുബന്ധ സേവനങ്ങളും ലഭ്യമാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ആദിവാസി മേഖലകളെ മുഴുവൻ ഡിജിറ്റൈസ് ചെയ്യാൻ ലക്ഷ്യമിട്ട് കെ-ഫോൺ നടത്തുന്ന കണക്റ്റിംഗ് ദി അൺ കണക്റ്റഡ് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അട്ടപ്പാടിക്ക് പുറമെ ഏതൊക്കെ ജില്ലകളിൽ ഏതൊക്കെ ഊരുകളിൽ കെ-ഫോൺ സൗകര്യം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>ജലേതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതികൾ</u>**

*219 **ശ്രീ. സനീഷ്കുമാർ ജോസഫ്**

**ശ്രീ. റോജി എം. ജോൺ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയുടെ സാമ്പത്തിക ബാധ്യത ഉയരുന്ന സാഹചര്യത്തിൽ ജലവിതരണത്തിന് പുറമെയുള്ള മറ്റ് വരുമാന സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ സാധ്യതകളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജലേതര വരുമാനം വർദ്ധിപ്പിക്കുവാൻ പൊതു-സ്വകാര്യ പങ്കാളിത്തം, ബി. ഒ. ടി. മാതൃകകളിൽ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**<u>കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന</u>**

*220 **ശ്രീ എം നൗഷാദ്**

**ശ്രീ. പി. നന്ദകുമാർ**

**ശ്രീമതി യു പ്രതിഭ**

**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പ്രത്യേകമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ; ഇതിനായി പ്രത്യേക ലാബുകൾ സജ്ജീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജലഗുണനിലവാര പരിശോധനാ ലാബുകൾക്ക് എൻ. എ. ബി. എൽ. -ന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ജലഗുണനിലവാര പരിശോധനയ്ക്കായി ജില്ലകളിൽ പ്രത്യേക സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിനായി കുടുംബശ്രീ വനിതകൾക്ക് പ്രത്യേക പരിശീലനവും ഇതനുസരിച്ച് ടെസ്റ്റ് നടത്തുന്നതിനുള്ള പ്രവർത്തനവും നടത്തിവരുന്നുണ്ടോ; വിശദമാക്കുമോ?

## ജലത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്താൻ നടപടി

*221 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഞ്ഞപ്പിത്തം അടക്കമുള്ള ജലജന്യ രോഗങ്ങൾ പടർന്നു പിടിക്കുന്നത് ഒഴിവാക്കാൻ ജലവിഭവ വകുപ്പ് നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ജലവിഭവ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്താൻ എന്തൊക്കെ ഗുണനിലവാര പരിശോധനകൾ നടത്തുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) മഞ്ഞപ്പിത്തം കൂടുതലായുള്ള പ്രദേശത്തെ കുടിവെള്ള സ്രോതസുകളിൽ ജല വിഭവ വകുപ്പ് ആവശ്യമായ പരിശോധനകൾ നടത്തി പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കുമോ?

## സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം

*222 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ വി ജോയി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സ്പോർട്സ് കൗൺസിലിന് കീഴിൽ എത്ര സ്പോർട്സ് അക്കാദമികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അവയുടെ പ്രവർത്തനം വിശദമാക്കാമോ;

(സി) സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകുന്ന വിവിധ കായിക അവാർഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് വനിതാ ഫുട്ബോൾ വികസനത്തിന് ഏതൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വനിതാ ഫുട്ബോൾ അക്കാദമിയുടെ പ്രവർത്തനം വിശദമാക്കാമോ?

**<u>ജലസേചന പദ്ധതികളുടെ സെൻസസ്</u>**

*223 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലസേചന സാധ്യതകൾ വർദ്ധിപ്പിക്കുന്നതിൽ ചെറുകിട ജലസേചന പദ്ധതികളുടെ പ്രാധാന്യമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വൻകിട, ഇടത്തരം ജലസേചന പദ്ധതികളുടെ പ്രാഥമിക സെൻസസ് പൂർത്തിയാക്കിയിട്ടുണ്ടോ; ഈ സെൻസസിന്റെ ലക്ഷ്യം വിശദമാക്കാമോ;

(സി) പ്രസ്തുത സെൻസസിൽ എന്തൊക്കെ വിവരങ്ങളാണ് ശേഖരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>സ്വാഭാവിക വനവൽക്കരണ പദ്ധതി</u>**

*224 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയ്ക്ക് പകരം തദ്ദേശീയ മരങ്ങൾ വച്ചു പിടിപ്പിക്കുന്നത് വന്യജീവി ശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) സ്വാഭാവിക വനവൽക്കരണ പദ്ധതി സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**<u>ജൽ ജീവൻ മിഷനുവേണ്ടി കടമെടുക്കുന്നതിന് അനുമതി</u>**

*225 **ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**

**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽ ജീവൻ മിഷന്റെ നടത്തിപ്പിനായി കടമെടുക്കുന്നതിന് ജല അതോറിറ്റിക്ക് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് കടമെടുക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏത് ഏജൻസിയിൽ നിന്നാണ് കടമെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും വായ്പയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുണ്ടോയെന്നും അറിയിക്കുമോ;

(സി) പ്രസ്തുത തുക കൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി</u>

*226 **ശ്രീമതി ദെലീമ**
**ശ്രീ വി ജോയി**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച് ഈ സർക്കാർ അവലോകനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) 2024-2025 സാമ്പത്തിക വർഷത്തിൽ കേരള വാട്ടർ അതോറിറ്റി വാട്ടർ ചാർജ് ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ പിരിഞ്ഞുകിട്ടേണ്ട വാട്ടർചാർജ് കുടിശിക എത്രയാണെന്നും അവ പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടിയും വിശദമാക്കാമോ?

## <u>ഊരിന്റെ താരാട്ട് പദ്ധതി</u>

*227 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി മേഖലകളിലെ മാതൃ-ശിശു മരണങ്ങൾ കുറയ്ക്കാൻ ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സുരക്ഷിതമായ മുലയൂട്ടൽ, നവജാത ശിശുക്കളുടെ ശാസ്ത്രീയമായ പരിപാലനം എന്നിവ പട്ടികവർഗ്ഗ ജനവിഭാഗത്തെ പരിശീലിപ്പിക്കുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ;

(സി) പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്കിടയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആരോഗ്യമുള്ള ശിശുക്കളുടെ ജനനം ഉറപ്പാക്കുന്നതിനും പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ഊരിന്റെ താരാട്ട് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ ശിശുമരണനിരക്ക് കുറയ്ക്കുന്നതിനും നവജാത ശിശുക്കളുടെയും അമ്മമാരുടെയും ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കിഫ്ബി ധനസഹായത്തോടെയുള്ള കുടിവെള്ള പദ്ധതികൾ**

*228 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിനായി എത്ര കുടിവെള്ള പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതികളുടെ ഭാഗമയി ശുദ്ധജലം അധികമായി ഉല്പാദിപ്പിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ ഇതിനകം പൂർത്തിയാക്കിയവയുടെ വിശദാംശം ലഭ്യമാക്കുമോ?

**മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി**

*229 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയുന്നതിന് പൊതുജന പങ്കാളിത്തത്തോടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകത വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആവാസ വ്യവസ്ഥയെ ബാധിക്കാത്ത വിധം വന്യജീവി പ്രതിരോധം ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധരായ പ്രദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രാഥമിക പ്രതികരണ സേനകളെ (പ്രൈമറി റെസ്പോൻസ് ടീം) രൂപീകരിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദ വിവരം നൽകുമോ;

(സി) വനം വകുപ്പിന്റെ ദ്രുതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് പി. ആർ. ടി. -കളുടെ പ്രവർത്തനം സഹായകമാകുമോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്‌തുത സേനയിലെ അംഗങ്ങൾക്ക് പരിശീലനവും വന്യജീവികളുടെ ജനവാസമേഖലയിലെ സാന്നിധ്യം മനസിലാക്കുന്നതിനും പ്രദേശവാസികളെ അറിയിക്കുന്നതിനും ഉള്ള ആധുനിക സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം

*230 **ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് പ്രത്യേക ഊന്നൽ നൽകേണ്ടതായ സാഹചര്യം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് വ്യക്തിഗത ആനുകൂല്യം നൽകുമ്പോൾ വനിതകൾക്കും വിദ്യാർത്ഥിനികൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നതിന് പ്രത്യേക നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സാമൂഹിക പഠനമുറി പദ്ധതിയിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽപ്പെടുന്ന പെൺകുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി നിശ്ചയിച്ചിട്ടുള്ള ഫണ്ടിൽ ന്യായമായ വിഹിതം പട്ടികജാതി വനിതകളുടെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

## ഭൂഗർഭ ജലചൂഷണം ഒഴിവാക്കാൻ നടപടി

*231 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽ കിണറുകളുടെ എണ്ണം വൻതോതിൽ വർദ്ധിച്ചു വരുന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2002 ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കുഴൽ കിണറുകളുടെ നിർമ്മാണം നിയന്ത്രിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ;

(ഡി) അമിതമായ ഭൂഗർഭ ജലചൂഷണം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

## സുസ്ഥിര വനപരിപാലന പദ്ധതികൾ

*232 **ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എം. എം. മണി**
**ശ്രീ ഡി കെ മുരളി**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനനശീകരണം തടയുന്നതിനും സുസ്ഥിര വനപരിപാലന പദ്ധതികൾ വികസിപ്പിക്കുന്നതിനും വനവൽക്കരണ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) 2024-25 വർഷത്തിൽ വനം വകുപ്പിന്റെ പ്രധാന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വരുമാന വർദ്ധന ലക്ഷ്യമിട്ട് പുതിയ തോട്ടങ്ങൾ സൃഷ്ടിക്കുവാൻ വനം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) തോട്ടങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>ഉന്നതി എംപവർമെന്റ് സൊസൈറ്റി</u>

*233 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങളെ ആധുനിക കാലത്തെ മികച്ച തൊഴിലുകളിൽ പ്രാവീണ്യമുള്ളവരും സംരംഭകരുമാക്കി മാറ്റേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാസമ്പന്നരായ യുവജനങ്ങളെ സംരംഭകരും തൊഴിലുടമകളുമാക്കി മാറ്റുന്നതിനായി ഉന്നതി എംപവർമെന്റ് സൊസൈറ്റി സമഗ്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവജനങ്ങൾക്ക് വിദ്യാഭ്യാസം, നൈപുണ്യ പരിശീലനം, തൊഴിൽ സംരംഭകത്വ അവസരങ്ങൾ എന്നിവ ഉറപ്പാക്കുന്നതിൽ ഉന്നതി എംപവർമെന്റ് സൊസൈറ്റി നടത്തിയ ഇടപെടലുകൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ഡി) വിവിധ വികസന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ പങ്കാളിത്തവും ഉൾക്കാഴ്ചയും ഉൾക്കൊള്ളിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## <u>കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

*234 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി ഭൂമിയിലെ മരങ്ങൾ വെട്ടാനും വിൽക്കുവാനുമുള്ള അനുമതി ഓൺലൈൻ വഴി ലഭ്യമാക്കി തുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) അതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം മാതൃകാ ചട്ടം പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചട്ടം അനുസരിച്ച് നിയന്ത്രണാധികാരം ആർക്കാണുള്ളതെന്ന് വിശദമാക്കാമോ;

(സി) മരം മുറിക്കാനുള്ള അപേക്ഷകൾ പരിശോധിക്കുവാനും അനുമതി നൽകുവാനും ഏതൊക്കെ വകുപ്പുകളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>ആദിവാസി മേഖലയിലെ വികസന മുന്നേറ്റങ്ങൾ</u>

*235 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരണത്തിന്റെ സുവർണ്ണ ജൂബിലി വർഷമായി 2025-26 ആചരിക്കുന്ന വേളയിൽ കേരളത്തിലെ ആദിവാസി മേഖലയിലുണ്ടായ വികസന മുന്നേറ്റങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പൊതു സമൂഹത്തിലെ ജനവിഭാഗങ്ങളോടൊപ്പം വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും സാമൂഹ്യ-സാമ്പത്തിക അവസ്ഥകളിലും തുല്യ നിലയിലുള്ള ഒരു സമൂഹമായി കേരളത്തിലെ ആദിവാസി സമൂഹത്തെ ഉയർത്തിക്കൊണ്ട് വരുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) തദ്ദേശ ജനതയുടെ അറിവ് സാമൂഹികമായി പ്രയോജനപ്പെടുത്തുന്നതിനും തദ്ദേശീയ വൈദ്യത്തെയും തദ്ദേശീയ വിത്തിനങ്ങളെയും കൃഷിയെയും കണ്ണാടിപ്പായപോലുള്ള കരകൗശല വസ്തുക്കളെയും ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ?

## <u>സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ</u>

*236 **ശ്രീ. എച്ച്. സലാം**
**ശ്രീ. എം.വിജിൻ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന് കീഴിലുള്ള കായിക സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കായിക പ്രതിഭകളെ വളർത്തുന്നതിനും ആരോഗ്യകരമായ ജീവിതശൈലി പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇത്തരം കായിക സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) എല്ലാ ജില്ലകളിലും ഫിറ്റ്നെസ് സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള പദ്ധതികളുടെ മോണിറ്ററിംഗ്**</u>

*237 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവഹണം, ഫലപ്രാപ്തി മോണിറ്ററിംഗ്, പരാതി പരിഹാരം തുടങ്ങിയവ വിലയിരുത്തുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) പദ്ധതികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സമയബന്ധിതവും വികേന്ദ്രീകൃതവുമായ ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

<u>**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയാൻ നടപടി**</u>

*238 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കിടയിൽ തോൽവിയുടെയും കൊഴിഞ്ഞു പോക്കിന്റെയും നിരക്ക് കൂടുതലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പഠനത്തിൽ പിന്നാക്കം നിൽക്കുന്ന പ്രസ്തുത വിഭാഗത്തിലെ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) വാഹന സൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**ഭൂഗർഭ ജല ഗുണനിലവാര പദ്ധതി**</u>

*239 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. പി. മമ്മിക്കുട്ടി**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന വ്യാപകമായി ഭൂഗർഭ ജല ഗുണനിലവാര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഭൂഗർഭ ജലത്തിന്റെ വിവരങ്ങൾ ശേഖരിച്ച് കിണറുകളുടെ സെൻസസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഭൂഗർഭ ജലലഭ്യത നിലനിർത്തുന്നതിനായി നടപ്പിലാക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) 2021 മുതൽ 2025 വരെയുള്ള ഭൂഗർഭ ജലവികസന പദ്ധതികളുടെ ഭൗതിക നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

## കുടിവെള്ള സ്രോതസുകൾ അണുവിമുക്തമാക്കാൻ നടപടി

*240 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലജന്യരോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പാക്കാൻ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കുളങ്ങളും കിണറുകളും ഉൾപ്പെടെയുള്ള ജലസ്രോതസുകളിൽ നിന്ന് അമീബിക് മസ്തിഷ്കജ്വരം പിടിപെടുന്നുവെന്ന് സ്ഥിരീകരിച്ചതിനാൽ കുടിവെള്ള സ്രോതസുകൾ അണുവിമുക്തമാക്കാൻ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 28, ഞായർ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**പ്രത്യേക ശ്രദ്ധയ്ക്ക്:**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].